Internal Media Cell
35th National Games, Kerala
National Games Organising Committee
Chandrasekharan Nair Stadium
Palayam, Thiruvananthapuram
PIN - 695 034, India

Ph: 0471 - 2302287
Fax: 0471 - 2302267
www.kerala2015.com
35thngskerala@gmail.com

നാഷണൽ ഗെയിംസ്;

**<u>കേരളം കായിക തലസ്ഥാനം; നാഷണൽ ഗെയിംസിന് ആവേശത്തുടക്കം</u>**

തിരുവനന്തപുരം; 31 ജനുവരി 2015: കാത്തിരിപ്പിന് വിട. ജനലക്ഷങ്ങളെ സാക്ഷിയാക്കി കാലം കാത്തിരുന്ന കായിക മാമാങ്കത്തിന് അനന്തപുരിയുടെ മണ്ണിൽ ആവേശത്തുടക്കം. നാളുകളെണ്ണി കാത്തിരുന്ന മുപ്പത്തിയഞ്ചാമത് നാഷണൽ ഗെയിംസിന് തിരുവനന്തപുരത്ത് പ്രൗഢഗംഭീര-വർണ്ണോജ്ജ്വല തുടക്കം. ഇനിയുള്ള പതിനാല് നാളുകൾ കേരളക്കര അക്ഷരാർത്ഥത്തിൽ ഭാരതത്തിന്റെ കളിത്തട്ടായി മാറും. കേരളത്തിന്റെ രാപകലുകൾ കളിയുത്സവത്താൽ നിറയുന്ന അസുലഭ നിമിഷം.

കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ സമ്മേളിച്ച വൻജനസഞ്ചയത്തെയും പ്രമുഖ വ്യക്തിത്വങ്ങളെയും സാക്ഷിയാക്കി ബഹു. കേന്ദ്ര നഗരവികസന കാര്യവകുപ്പ് മന്ത്രി. ശ്രീ. എൻ. വെങ്കയ്യ നായിഡു മുപ്പത്തിയഞ്ചാമത് നാഷണൽ ഗെയിംസിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നിർവ്വഹിച്ചു.

ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. എൻ. രാമചന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന ചടങ്ങിൽ കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സ്വാഗതമാശംസിച്ചു. ചടങ്ങിനു മോടികൂട്ടി കേന്ദ്ര കായിക വകുപ്പ് മന്ത്രി ശ്രീ. സർബാനന്ദ സോനോവാൾ, നിയമസഭാ സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ, പ്രതിപക്ഷനേതാവ്, കായിക വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആഭ്യന്തര വകുപ്പ് മന്ത്രി ശ്രീ. രമേശ് ചെന്നിത്തല, വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി.കെ കുഞ്ഞാലിക്കുട്ടി, ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി, മുൻ കേന്ദ്രമന്ത്രിയും നാഷണൽ ഗെയിംസ് സംഘാടക സമിതി രക്ഷാധികാരിയുമായ ശ്രീ. ഒ. രാജഗോപാൽ, കൃഷിവകുപ്പ് മന്ത്രി ശ്രീ. കെ.പി മോഹനൻ, തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. ഷിബു ബേബിജോൺ, ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. അനൂപ് ജേക്കബ്, ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. വി.എസ്. ശിവകുമാർ, ആറ്റിങ്ങൽ എം.പി ഡോ. എ.

സമ്പത്ത്, തിരുവനന്തപുരം എം.പി ഡോ. ശശി തരൂർ, മുൻ കായിക വകുപ്പ് മന്ത്രിമാരായ ശ്രീ. കെ.ബി ഗണേഷ് കുമാർ, ശ്രീ. എം. വിജയകുമാർ, കഴക്കൂട്ടം എം.എൽ.എ ശ്രീ. എം.എ വാഹിദ്, തിരുവനന്തപുരം മേയർ അഡ്വ. കെ. ചന്ദ്രിക, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ സെക്രട്ടറി ജനറൽ ശ്രീ. രാജീവ് മേത്ത, കേരള ഒളിമ്പിക് അസോസിയേഷൻ (കെ.ഒ.എ) പ്രസിഡന്റ് ശ്രീ. എം.എം. അബ്ദുൽ റഹ്മാൻ, കേരള ഒളിമ്പിക് അസോസിയേഷൻ സെക്രട്ടറിയും നാഷണൽ ഗെയിംസ് സംഘാടക സമിതി സെക്രട്ടറിയുമായ ശ്രീ. പി.എ ഹംസ, കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീമതി. പത്മിനി തോമസ് തുടങ്ങി പ്രമുഖർ പങ്കെടുത്തു.

മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിന് കേരളത്തിൽ തുടക്കം കുറിച്ചതായി ശ്രീ. വെങ്കയ്യ നായിഡു ഔദ്യോഗികമായി പ്രഖ്യാപിച്ചു. കേരളത്തിന്റെ ആത്മാർത്ഥതയും അച്ചടക്കവും അർപ്പണ മനോഭാവവും തന്നെ ആകർഷിച്ചതായി അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞു. നാഷണൽ ഗെയിംസ് കേരളത്തിന് എന്നെന്നും ഓർമ്മിക്കാനാവുന്ന അഭിമാനിക്കാവുന്ന നിമിശമാണ്. കേരളത്തിന് കായിക രംഗത്തോടുള്ള ആഭിമുഖ്യം അഭിനന്ദനാർഹമാണ്. 'ആരോഗ്യമേ മഹാഭാഗ്യം' എന്ന ആപ്തവാക്യമാണ് നമ്മുടെ ഉയർത്തിപ്പിടിക്കുന്നത്. ആധുനിക യുഗത്തിൽ യുവതയുടെ മനോഭാവം മാറി വരികയാണ് ഇന്ത്യ പ്രമേഹ തലസ്ഥാനം (ഡയബറ്റിക്ക് ക്യാപിറ്റൽ) ആയി മാറിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ കായിക രംഗങ്ങളോടും ആരോഗ്യ രംഗത്തോടുമുള്ള യുവതയുടെ താത്പര്യം ഏറി വരേ സമയമാണിതെന്നും ശ്രീ. വെങ്കയ്യ നായിഡു പറഞ്ഞു. കായിക പഠനം വിദ്യഭ്യാസത്തിൽ നിർബന്ധമായും ഉൾപ്പെടുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിലൂടെ ആർജ്ജിച്ചെടുത്ത നേട്ടം ഗെയിംസ് ഗെയിംസ് അവസാനിക്കുന്നതോടെ തീരുന്നില്ലെന്നും അത് കായിക കേരളത്തിന്റെ പുരോഗതിക്കായി വിനിയോഗിക്കുമെന്നും മുഖ്യമന്ത്രി ഉമ്മൻചാണ്ടി സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. കായിക കേരളത്തിന്റെ വികസനത്തിനായി സർക്കാർ വ്യക്തമായ ഒരു പാക്കേജ് ഉണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ കായികാവേശത്തിന്റെ വിജയമാണ് നാഷണൽ ഗെയിംസിന്റെ ഉദ്ഘാടന ചടങ്ങിൽ കാണാൻ സാധിക്കുന്നതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

നാഷണൽ ഗെയിംസിലൂടെ കേരളത്തിന് ഒരു സാമ്പത്തിക വികസനം സാധ്യമാകുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ കേന്ദ്ര കായിക വകുപ്പ് മന്ത്രി ശ്രീ. സർബനന്ദ സോനോവാൾ പറഞ്ഞു. പി.ടി. ഉഷ, ഷൈനി വിൽസൺ തുടങ്ങി നിരവധി കായിക പ്രതിഭകളെ ജന്മം നൽകിയ നാടാണ് കേരളം. കടന്നു വരുന്ന ഒളിമ്പിക്സിൽ ഇന്ത്യ മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുമെന്നും സോണാവാൾ അഭിപ്രായപ്പെട്ടു.

കേരളത്തിന ഇത് അഭിമാന നിമിശമാണെന്നും കായിക പ്രതിഭകൾ ഗെയിംസിൽ മികച്ച കുതിച്ചു ചാട്ടം നടത്തുമെന്ന് സംസ്ഥാന കായിക വകുപ്പ് മന്ത്രിയും ഗെയിംസ് എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു.

നാഷണൽ ഗെയിംസിന്റെ ഗുഡ്‌വിൽ അംബാസിഡർ ഭാരതരത്ന ശ്രീ. സച്ചിൻ തെൻഡുൽക്കർ ഗെയിംസ് ദീപശിഖ കായിക കേരളത്തിന്റെ ഇന്നലെകളെ അവിസ്മരണീയമാക്കിയ ശ്രീമതി പി.ടി. ഉഷയ്ക്കും ശ്രീമതി. അഞ്ജു ബോബി ജോർജ്ജിനും കൈമാറി. കേരള ടീം ക്യാപ്റ്റൻ ശ്രീമതി. പ്രീജാ ശ്രീധരൻ നാഷണൽ ഗെയിംസ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ഗെയിംസിന്റെ ഉദ്ഘാടന ചടങ്ങിനു വർണ്ണപ്പൊലിമയേകി മലയാളത്തിന്റെ പ്രിയനടൻ പത്മശ്രീ. മോഹൻലാലിന്റെ നേതൃത്വത്തിൽ ലാലിസം ഇന്ത്യാ സിംഗിംഗ് എന്ന സംഗീത പരിപാടി അരങ്ങേറി. അൽക്കാ യാഗ്നിക്ക്, ഉദിത് നാരായൺ, സുജാത, എം.ജി ശ്രീകുമാർ, ഹരിഹരൻ, രതീഷ് വേഗാ തുടങ്ങിയവർ വേദിയെ സംഗീത മുഖരിതമാക്കി.

സ്വാതന്ത്ര്യ ചരിത്രത്തിലെ സുവർണ്ണ ഏടുകളിൽ നിന്നും പ്രചോദനം ഉൾക്കൊ പത്മശ്രീ. മോഹൻലാൽ കുഞ്ഞാലി മരയ്ക്കാറായി വേദിയിലെത്തിയ 'വാർ ക്രൈ' എന്ന പരിപാടി വേദിയെ ആവേശത്തിന്റെ കൊടുമുടിയിലെത്തിച്ചു.

ലക്ഷ്മി ഗോപാല സ്വാമി, വിനീത് എന്നിവർ വേദിയിൽ നൃത്ത വിസ്മയം തീർത്തു. ഇതൊടൊപ്പം ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യവും കേരളത്തിന്റെ തനിമയും വിളിച്ചോതുന്ന സംഗീത-നൃത്ത ദൃശ്യവിസ്മയം വേദിയിൽ നിറഞ്ഞു നിന്നു. ഇന്ത്യ യിലെ 29 സംസ്ഥാനങ്ങളിലെയും തനതു കലാരൂപങ്ങൾ ചടങ്ങുകൾക്ക് വർണ്ണപ്പൊലിമയേകി.

മട്ടന്നൂർ ശങ്കരൻ കുട്ടിയുടെയും കരുണാമൂർത്തിയുടെയും നേതൃത്വത്തിൽ ഭാവരസ കഥകളി, മോഹിനിയാട്ടം, കളരി, വേലകളി തുടങ്ങിയ കേരളത്തനിമയുള്ള കലാരൂപങ്ങൾ അരങ്ങേറി.

കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 29 വേദികളിലായി 31 മത്സരയിനങ്ങളാണ് ഇനിയുള്ള 14 ദിവസങ്ങളിലായി അരങ്ങേറുന്നത്. ചലച്ചിത്ര താരങ്ങളായ

നാഷണൽ ഗെയിംസിനെ ഇന്ത്യയൊട്ടുക്കുമെത്തിക്കുന്നത് ഗെയിംസിന്റെ ഔദ്യോഗിക സംപ്രേഷകരായ ദൂരദർശനാണ്. മത്സരങ്ങളുടെ തത്സമയ സംപ്രേഷണം, ഹൈലൈറ്റ്സ്, വാർത്താ പരിപാടികൾ, അഭിമുഖം എന്നിവയുൾപ്പെടെ വിപുലമായ പരിപാടിക

ളാണ് ദൂരദർശൻ ദേശീയ തലത്തിലും പ്രാദേശിക തലത്തിലും ആസൂത്രണം ചെയ്തിട്ടുള്ളത്.

ഗെയിംസിന്റെ സമഗ്ര വിവരങ്ങളുമായി ഗെയിംസ് ഇൻഫർമേഷൻ ആപ്പും (www.kerala2015.com/infoapp) നാഷണൽ ഗെയിംസിന്റെ ഔദ്യോഗിക വെബ്സൈറ്റും (www.kerala2015.com) അണിയറയിൽ സജീവമാണ്.

ഗെയിംസിലെ പകുതിയിലധികം മത്സരങ്ങളും നടക്കുന്ന തിരുവനന്തപുരം ജില്ലകളിലേക്കെത്തുന്ന അത്‌ലറ്റുകൾ, ടീം ഒഫീഷ്യലുകൾ, പരിശീലകർ തുടങ്ങി അയ്യായിരത്തിലധികം പേർക്ക് മേനംകുളത്ത് ത്രീസ്റ്റാർ സൗകര്യങ്ങളോടു കൂടിയ ഗെയിംസ് വില്ലേജ് ഒരുങ്ങിക്കഴിഞ്ഞു.